ഉത്തരം

(എ) പുതുതായി അനുവദിച്ച സർക്കാർ ഹയർസെക്കന്ററി സ്കൂളുകളിൽ സയൻസ്, കോമേഴ്സ്, ഹ്യുമാനിറ്റീസ് ബാച്ചുകളിൽ ഏതെങ്കിലും രണ്ട് എണ്ണം തെരെഞ്ഞെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി, സി ആന്റ് ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഹയർസെക്കന്ററി തലത്തിൽ കായിക വിദ്യാഭ്യാസം

120 [3299] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കന്ററി തലത്തിൽ കായിക വിദ്യാഭ്യാസം തഴയപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കായിക വിദ്യാഭ്യാസത്തിൽ ബിരുദവും ബിരുദാനന്തരബിരുദവും നേടിയ ഉദ്യോഗാർത്ഥികൾ പുറത്ത് നിൽക്കുമ്പോൾ എസ്.എസ്.എൽ.സി-ക്ക് ശേഷം സർട്ടിഫിക്കറ്റ് കോഴ്സ് പൂർത്തിയാക്കിയ അദ്ധ്യാപകർക്ക് അധിക ചാർജ്ജ് നൽകി ഹയർസെക്കണ്ടറിയിൽ നിയമിക്കുന്നത് കായിക വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ചക്ക് കാരണമാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഉന്നത വിദ്യാഭ്യാസയോഗ്യതയുള്ള കായികാദ്ധ്യാപകരെ ഹയർസെക്കണ്ടറി തലത്തിലും നിയമിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) കായിക വിദ്യാഭ്യാസത്തിന്റെ ഉന്നമനത്തിനായി ഹൈസ്കൂളുകളിൽ എച്ച്.എസ്.എ.-യ്ക്ക് തുല്യമായ തസ്തിക സൃഷ്ടിച്ച് യോഗ്യരായ അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) കഴിവുള്ള കായിക താരങ്ങളെ കണ്ടത്തുന്നതിനും അവർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും സാധിക്കുന്ന തരത്തിൽ കായിക വിദ്യാഭ്യാസം നിർബന്ധിത പാഠ്യവിഷയമാക്കി പാഠ്യപദ്ധതികൾ പരിഷ്ക്കരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഹയർ സെക്കന്ററി തലത്തിൽ കായിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്ന നയമാണ് സ്വീകരിച്ചിട്ടുള്ളത്.

(ബി—ഇ) ഹയർസെക്കന്ററി തലത്തിൽ കായികാദ്ധ്യാപകരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. ഹൈസ്കൂൾതലത്തിൽ പ്രവർത്തിക്കുന്ന കായികാദ്ധ്യാപകർക്ക് 75 രൂപ സ്പെഷ്യൽ അലവൻസ് നൽകി ഹയർസെക്കന്ററി

തലത്തിൽ അവരുടെ സേവനം പ്രയോജനപ്പെടുത്തുന്ന രീതിയാണ് ഇപ്പോൾ തുടർന്നുവരുന്നത്. കായികാദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് അധിക സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്ന കാര്യമായതിനാൽ ഇതിന്റെ എല്ലാ വശങ്ങളും പരിശോധിച്ചതിനുശേഷമേ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപക നിയമനത്തിന് "ശിക്ഷാവിശാരദ" അംഗീകരിക്കുവാൻ നടപടി

121 [3300] ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദക്ഷിണഭാരത ഹിന്ദി പ്രചാരസഭയുടെ 'ശിക്ഷാ വിശാരദ്' ഹയർസെക്കന്ററി സ്കൂൾ അദ്ധ്യാപക നിയമനങ്ങൾക്ക് അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ 'ശിക്ഷാ വിശാരദ്' ഹയർസെക്കന്ററി സ്കൂൾ ഹിന്ദി അദ്ധ്യാപക നിയമനങ്ങൾക്ക് അംഗീകരിക്കുവാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) തൽക്കാലം പരിഗണനയിലില്ല.

ഹയർസെക്കന്ററി സ്കൂളുകളിലെ ലൈബ്രേറിയൻ തസ്തികകളിലെ നിയമനം

122 [3301] ശ്രീ. ഷിബു ബേബിജോൺ:

,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഹയർസെക്കന്ററി സ്കൂളുകളിലെ ലൈബ്രേറിയൻ തസ്തികകളിൽ നിയമനം നടത്തണമെന്ന് സ്പെഷ്യൽ റൂളിൽ വ്യക്തമാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത തസ്തികകളിൽ നിയമനം നടത്തുവാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികയിൽ നിയമനം നടത്തണമെന്ന ഹൈക്കോടതിയുടെ വിധി ലംഘിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത വിധിയുടെ കോപ്പി ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതുമായി ബന്ധപ്പെട്ട് അനന്തമൂർത്തി കമ്മീഷന്റെ വിലയിരുത്തൽ വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly